44842/20
10/01/2020

CTP

F2

10/1/2020

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കായംകുളം മാസ്റ്റർ പ്ലാൻ - അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.8/2020/തസ്വഭവ *തിരുവനന്തപുരം, തീയതി 4/1/2020*

---

*പരാമർശം:*
1. G.O.(Ms)No.190/2016/LSGD. dtd. 16/12/16.
2. G.O.(Ms)No.1004/2018/LSGD. dtd. 10/04/18.
3. കായംകുളം നഗരസഭ കൗൺസിലിന്റെ 29/10/19-ലെ 2-ാം നമ്പർ തീരുമാനം.
4. കായംകുളം നഗരസഭ സെക്രട്ടറിയുടെ 11/11/19-ലെ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 29/11/19-ലെ എഫ്2 (ഇ 2)/9332/2010 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം കായംകുളം ടൗൺ കരട് മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകി. തുടർന്ന് 14/02/17-ൽ കരട് മാസ്റ്റർ പ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(4) പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(5) പ്രകാരം രൂപീകരിച്ച special കമ്മിറ്റിക്ക് ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങൾ പരിശോധിച്ച് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സെക്ഷൻ 36(6)

പ്രകാരമുള്ള സമയപരിധിയായ 60 ദിവസത്തിനുള്ളിൽ, report നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിക്കാൻ കഴിഞ്ഞില്ല.

2) പരാമർശം (2) പ്രകാരം സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയ പരിധി 13/12/17 വരെയും നഗരസഭ മാസ്റ്റർ പ്ലാൻ അന്തിമ അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കേണ്ട തീയതി 12/6/18 വരെയും ദീർഘിപ്പിച്ച് നൽകി. കായംകുളം മാസ്റ്റർ പ്ലാനിന്റെ കരട് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ലഭിച്ച പരാതികൾ പരിശോധിച്ച് അന്തിമമാക്കിയിട്ടുണ്ടെന്നും എന്നാൽ By-election-ന്റെ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ കൗൺസിൽ ചേരുന്നതിന് സമയം അനുവദിക്കണമെന്ന് നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടതിനെ തുടർന്ന് സർക്കാർ ഇതിലേക്കായി ഒരു യോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ അന്തിമ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കേണ്ട സമയപരിധി 30/9/19 വരെ നീട്ടി നൽകുകയും ചെയ്തു. എന്നാൽ അന്തിമ മാസ്റ്റർ പ്ലാൻ നഗരസഭ കൗൺസിൽ അംഗീകാരത്തോടെ ടി തീയതിക്കുള്ളിൽ സമർപ്പിക്കാൻ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്ന കാലയളവ് ആയതിനാൽ നഗരസഭയ്ക്ക് കഴിഞ്ഞില്ല.

3) പരാമർശം (3) പ്രകാരം, കായംകുളം നഗരസഭാ കൗൺസിൽ കായംകുളം കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും ആയത് പരാമർശം (4) പ്രകാരം സർക്കാരിൽ നിന്നും മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി ലഭ്യമാക്കുന്നതിനായി മുഖ്യനഗരാസൂത്രകന്റെ ശിപാർശക്കായി നഗരസഭ നൽകിയിരുന്നു.

4) നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതിയോടെ തയ്യാറാക്കിയ കായംകുളം കരട് മാസ്റ്റർ പ്ലാനിന് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(4) പ്രകാരമുള്ള അനുമതി നൽകാമെന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള ടൗൺ

ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 36(8) പ്രകാരം കായംകുളം മാസ്റ്റർ പ്ലാനിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സബിത.എസ്.ഡി.
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, കായംകുളം നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.